പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 520 — 26.04. 2017 ൽ മറുപടിക്ക്

**കെ.എസ്.ഇ.ബി.ജീവനക്കാരുടെ പെൻഷൻ പ്രായം.**

ചോദ്യം — ഉത്തരം

ശ്രീ.എൻ.ഷംസുദ്ദീൻ — ശ്രീ.എം.എം.മണി (വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കെ.എസ്.ഇ.ബി.ജീവനക്കാരുടെ പെൻഷൻ പ്രായം എത്രയാണ്; ഇത് ഉയർത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; | (എ) കെ.എസ്.ഇ.ബി. ലിമിറ്റഡ് ജീവനക്കാരുടെ പെൻഷൻ പ്രായം 56 വയസ്സാണ്. പെൻഷൻ പ്രായം ഉയർത്തുന്നത് ഇപ്പോൾ പരിഗണനയിൽ ഇല്ല. |
| (ബി) കമ്പനി നിയമപ്രകാരം പെൻഷൻ പ്രായം എത്ര വയസ്സാണ്; ഇത് നിലവിൽ കമ്പനിയായ കെ.എസ്.ഇ.ബി -യിൽ നടപ്പിലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) ജീവനക്കാരുടെ പെൻഷൻ പ്രായം സംബന്ധിച്ച വ്യവസ്ഥകളോ പരാമർശങ്ങളോ കമ്പനി ആക്റ്റിൽ പ്രതിപാദിച്ചിട്ടില്ല. ആയതിനാൽ കമ്പനി ആക്റ്റ് പ്രകാരം പെൻഷൻ പ്രായം ഉയർത്തുന്നത് സംബന്ധിച്ച് വ്യവസ്ഥകളുടെ അഭാവത്തിൽ ടി വിഷയം സംബന്ധിച്ച നടപടികൾ കൈക്കൊള്ളുന്നത് ഇപ്പോൾ പരിഗണനയിലില്ല. |
| (സി) പെൻഷൻ പ്രായം ഉയർത്തണമെന്ന് ആവശ്യപ്പെട്ട് ജീവനക്കാർ കോടതിയിൽ കേസ് നൽകിയിട്ടുണ്ടോ;എങ്കിൽ ഇതിന്റെ വിശദവിവരം നൽകുമോ;ഇതിൽ സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ? | (സി) ഉണ്ട്<br>മുൻവർഷങ്ങളിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ജീവനക്കാർ പെൻഷൻ പ്രായം ഉയർത്തണമെന്ന ആവശ്യം ഉന്നയിച്ച് നിരവധി കേസുകൾ നൽകിയിരുന്നു. പെൻഷൻ പ്രായം നിശ്ചയിക്കുക എന്നത് ബോർഡിന്റെ നയപരമായ തീരുമാനമാണ് എന്ന് ചൂണ്ടിക്കാട്ടി കോടതി കേസുകൾ എല്ലാം തന്നെ തള്ളി ഉത്തരവായിട്ടുള്ളതാണ്. എന്നാൽ അതിനെതിരെ **6** റിട്ട് അപ്പീലുകൾ നൽകിയിട്ടുണ്ട്.<br>ഈ വർഷം പെൻഷൻ പ്രായം ഉയർത്തണമെന്ന ആവശ്യം ഉന്നയിച്ച് ജീവനക്കാർ WP(C) No.3140/2017.ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. 22.08.2014-ലെ നമ്പർ.15528/ബി.പി.ഇ.3/13/പ്ലാനിംഗ്, അനൗദ്യോഗിക കുറിപ്പിലെ വ്യവസ്ഥകൾ പ്രകാരം നിലവിലുള്ള വിരമിക്കൽ പ്രായം കെ.എസ്.ഇ.ബി. ലിമിറ്റഡിൽ തുടരണമെന്നുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം മുൻനിർത്തി നിലവിലെ വിരമിക്കൽ പ്രായത്തിൽ മാറ്റങ്ങൾ വരുത്തുന്നത് ഇപ്പോൾ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ